# പാഠം 3

വേദന അനുഭവിക്കാത്തവർ നമ്മിൽ ആരും കാണില്ല. വേദന എന്ന വാക്ക് കേട്ടാൽ മനസ്സിലാകാത്തവരും ഉണ്ടാകില്ല. വേദന പക്ഷേ അറബികൾക്ക് പരിചയമില്ലാത്ത വാക്കാകുന്നു. അവർ **അലം** എന്നാണ് അതിന് പറയുക. അതല്ലാത്ത വാക്കും ഉണ്ട്. ഇപ്പോൾ അലം എന്ന് പഠിക്കുക. അലം എന്നാൽ വേദന എന്നർഥം.

അലം എന്നാൽ വേദന എന്ന് മനസ്സിൽ പറഞ്ഞുറപ്പിക്കുക. എന്നിട്ട് മെല്ലെ എഴുതുക.

| | | 3 | 2 | 1 |
|---|---|---|---|---|
| أَلَم | അലം أَلَم | م | لَ | اَ |
| എഴുതുന്ന രൂപം | വേദന | മ് | ല | അ |

ഇത് പല തവണ എഴുതി ശീലിച്ചതിനു ശേഷം കാണാതെ ഒരു കടലാസിൽ എഴുതുക. പഠിച്ചെന്ന് ഉറപ്പായതിന് ശേഷം അടുത്ത വാക്ക് പഠിക്കുക. അലമ് എന്നു പറയേണ്ട. അലം എന്നു മതി.

---

അടുത്ത വാക്ക് ഒന്നാമത്തെ എന്നാകുന്നു. അത് എണ്ണവുമായി ബന്ധപ്പെട്ട വാക്കാണല്ലോ. പല ഭാഷകളിലും പലതാണ് അതിനു പറയുക. അറബിയിൽ **അവ്വൽ** എന്നു പറയുന്നു. അവ്വൽ എന്നാൽ ഒന്നാമത്തേത് അല്ലെങ്കിൽ ആദ്യത്തേത് എന്നർഥം. രണ്ടിൽ ഏത് വേണമെങ്കിലും ഉപയോഗിക്കാം.

അവ്വൽ എന്നാൽ ഒന്നാമത്തേത് എന്ന് നന്നായി പഠിക്കുക. അവ്വൽ എന്ന് മനസ്സിൽ പറഞ്ഞു എഴുതുക. (ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)

| | | 3 | 2 | 1 |
|---|---|---|---|---|
| أَوَّل | അവ്വൽ أَوَّل | ل | وَّ | اَ |
| **എഴുതുന്ന രൂപം** | ഒന്നാമത്തേത് | ൽ | വ്വ | അ |

വ എന്ന അക്ഷരത്തിനു മുകളിൽ മലയാളത്തിലെ ധ എഴുതിയതു പോലെ ഒരു മാർക്ക് കാണാം. അത് ഒരു വാക്കിനെ കട്ടി കൂട്ടി ഉച്ചരിക്കുവാനുള്ളതാണ്. എല്ലാ അക്ഷരങ്ങൾക്കും അത് ബാധകമാണ്.

അവ്വൽ എന്ന വാക്ക് നന്നായി എഴുതിശീലിക്കുക. കാണാതെ എഴുതാനായാൽ മാത്രം അടുത്ത വാക്കിലേക്ക് പ്രവേശിക്കുക.

---

അടുത്ത വാക്ക് എവിടെ എന്നാകുന്നു. എവിടെ എന്ന് കേൾക്കാത്തവരും ചോദിക്കാത്തവരും നമ്മിൽ ആരും കാണില്ല. എവിടെ എന്ന വാക്ക് നമുക്ക് സുപരിചിതമാകുന്നു. എന്നാൽ അതിന്റെ അറബി നമുക്ക് ഇപ്പോൾ വശമുണ്ടാകില്ല. എവിടെ എന്ന് ചോദിക്കാൻ അറബികൾ ഉപയോഗിക്കുന്ന ശരിയായ അറബിവാക്ക് **അയ്ന** എന്നാകുന്നു. അയ്ന എന്നാൽ എവിടെ എന്നർഥം. ഈ വാക്ക് പറഞ്ഞു ശീലിക്കുക. നല്ലതുപോലെ ഹൃദിസ്ഥമായാൽ എഴുതുക.



| | | 3 | 2 | 1 |
|---|---|---|---|---|
| أَيْنَ | അയ്ന أَيْنَ | نَ | يْ | اَ |
| **എഴുതുന്ന രൂപം** | എവിടെ | ന | യ് | അ |

ഈ വാക്ക് പലതവണ എഴുതി പഠിച്ച ശേഷം മറ്റൊരു കടലാസിൽ കാണാതെ എഴുതുക. പഠിച്ചെന്ന് ഉറപ്പായാൽ അടുത്ത വാക്ക് പഠിക്കുക. അയ്നയുടെ ഉച്ചാരണം അ ക്കു ശേഷം യ് എന്നു ഉച്ചരിക്കേണ്ടതില്ല. ഇംഗ്ലീഷിൽ aina/ ayna എന്ന് പറയുന്നതുപോലെയാണത്.

---

ഇനി നമുക്ക് പഠിക്കാനുള്ള വാക്ക് ഏറ്റവും വലിയ എന്നാകുന്നു. സുപരിചിതമായ വാക്കത്രെ അത്. അറബിയിൽ അതിന് **അക്ബർ** എന്ന് പറയാറുണ്ട്. അക്ബർ എന്ന പേർ മുസ്‌ലിം നാമമായി ഉപയോഗിക്കാറുണ്ട്. വലിയവൻ എന്നർഥം. അക്ബർ എന്ന് ഹൃദിസ്ഥമായാൽ അത് എഴുതുക.

| | | 4 | 3 | 2 | 1 |
|---|---|---|---|---|---|
| أَكْبَرْ | അക്ബർ أَكْبَرْ | رْ | بَ | كْ | أَ |
| **എഴുതുന്ന രൂപം** | ഏറ്റവും വലിയ | ർ | ബ | ക് | അ |

ഈ വാക്ക് പലതവണ എഴുതി പഠിച്ച ശേഷം മറ്റൊരു കടലാസിൽ കാണാതെ എഴുതുക. രണ്ടാം പാഠത്തിൽ പഠിച്ച അകാര, ഇകാര, ഉകാരാദികളെ പ്രത്യേകം ഓർമിച്ചു വേണം ഈ പാഠവും തുടർന്നുവരുന്ന പാഠങ്ങളും ഹൃദിസ്ഥമാക്കുവാൻ.

---

ഇനി ഒരു വാക്ക് കൂടിയുണ്ട് നമ്മുടെ മുമ്പിൽ. ഇന്നലെ എന്നാണത്. ഇന്നലെ എന്നാലെന്തെന്ന് മനസ്സിലാകാത്തവർ ആരും ഉണ്ടാകില്ല. അറബിയിൽ അതിന് **അംസ്** എന്നാണ് പറയുക. അംസ് എന്നാൽ ഇന്നലെ എന്നർഥം. അംസ് എന്ന് പറഞ്ഞ് ശീലിച്ച ശേഷം എഴുതാൻ ശ്രമിക്കുക. (അമ്സ് എന്ന് പറയില്ല)

| | | 3 | 2 | 1 |
|---|---|---|---|---|
| أَمْسْ | അംസ് أَمْس | س | مْ | أَ |
| **എഴുതുന്ന രൂപം** | ഇന്നലെ | സ് | ം | അ |

ഇത് പല തവണ എഴുതിയതിനു ശേഷം കാണാതെ ഒരു കടലാസിൽ എഴുതുക.

ഇതുവരെ പഠിച്ച വാക്കുകളെ നന്നായി ഹൃദിസ്ഥമാക്കുകയും കാണാതെ എഴുതും വിധം പരിശീലിക്കുകയും ചെയ്യുക.

ഇപ്പോൾ നാം പന്ത്രണ്ടോളം അക്ഷരങ്ങളെ പരിചയപ്പെട്ടു. അവ ഒരാവർത്തി കാണാതെ എഴുതുക. അവ ഇവിടെ എഴുതുന്നു:

| ض | س | م | ر | ك | ن | ي | و | ل | خ | ب | ا |
|---|---|---|---|---|---|---|---|---|---|---|---|
| ദ | സ | മ | റ | ക | ന | യ | വ | ല | ഖ | ബ | അ |

എന്നിട്ട് താഴെ കൊടുത്ത ചാർട്ടിൽ നിന്ന് ഇടതുഭാഗത്തെ കോളത്തിലുള്ള സൂചനയനുസരിച്ച വാക്കുകൾ ഉണ്ടാക്കുക.

ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:

---



**ഹോംവർക്ക്:**

1. ഇതുവരെ പഠിച്ച അക്ഷരങ്ങൾ ഓരോന്നും അകാര, ഇകാര, ഉകാര, അ്കാര രൂപങ്ങളിൽ എഴുതുക.
2. പേര് പറയുക :

| | | | | |
|---|---|---|---|---|
| ഈ കോളത്തിൽ തിമിംഗലത്തിൽ നിന്ന് ലഭിക്കുന്ന ഒരു തരം പദാർഥത്തിന്റെ പേരുണ്ട്. | رْ | مْ | بَ | أَ |
| ഈ കോളത്തിലെ ആദ്യത്തെ മൂന്ന് അക്ഷരങ്ങളിൽ ഒരു സോപ്പുണ്ട്. | خْ | س | كْ | ل |

ഈ കോളത്തിലെ രണ്ടും മൂന്നും അക്ഷരങ്ങളിൽ ഒരു വാഹനമുണ്ട്.

മലയും മനയും മനസ്സും ഇതിലുണ്ട്. തിരഞ്ഞെടുക്കുക.

| | | | |
|---|---|---|---|
| خْ | س | بَ | ل |
| س | ل | نَ | م |